## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1522 | 11/08/2017-ൽ മറുപടിയ്ക്ക്

### ഭവനരഹിതർക്ക് വീട് നൽകുന്നതിനുള്ള പദ്ധതി

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവനരഹിതർക്ക് വീട് നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ഉണ്ട്. നവകേരള മിഷന്റെ ഭാഗമായി "ലൈഫ്" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും, ഭവന രഹിതർക്കും, സ്വന്തമായി തൊഴിൽ ചെയ്തു ഉപജീവനം നിർവഹിക്കുന്നതിനും, സമൂഹത്തിന്റെ നടത്തിപ്പിലും നിലനില്പ്പിലും ഭാഗമാക്കുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നുള്ളതാണ് ലൈഫ് പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട സർവ്വെ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഉണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കരട് ഗുണഭോക്തൃപട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമപട്ടിക 2017 സെപ്റ്റംബർ 25 -ന് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | എങ്കിൽ ഓരോ ജില്ലയിലും എത്ര വീടുകൾ നിർമ്മിച്ച് നൽകേണ്ടി വരുമെന്ന് വിശദമാക്കാമോ? | (സി) | അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷമേ കൃത്യമായ എണ്ണം കണക്കാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ